പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2185 — 22.01.2014-ൽ മറുപടിയ്ക്ക്

## എലൈറ്റ് അത്‌ലറ്റ്സ് ട്രെയിനിംഗ് സെന്റർ

**ചോദ്യം**

ശ്രീ.ജോസഫ് വാഴക്കൻ
ശ്രീ.വി.റ്റി.ബൽറാം
ശ്രീ.പാലോട് രവി
ശ്രീ.കെ.ശിവദാസൻ നായർ

(എ) സംസ്ഥാനത്ത് എലൈറ്റ് അത്‌ലറ്റ്സ് ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) തിരഞ്ഞെടുത്ത ഇനങ്ങളിൽ പ്രതിഭയുള്ള കായികതാരങ്ങളെ രാജ്യാന്തരനിലവാരത്തിലേയ്ക്ക് പരിശീലിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് സെന്ററിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കാമോ ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ ?

**മറുപടി**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)

(എ), (ബി), (സി) & (ഡി)

ഉണ്ട്. കേരളത്തിലെ ഏറ്റവും മികച്ച പ്രതിഭയുള്ള അത്‌ലറ്റുകളെ കണ്ടെത്തി അവരെ ഏഷ്യൻ ഗെയിംസ്/ കോമൺവെൽത്ത് ഗെയിംസ്/ ഒളിമ്പിക്സ് എന്നീ മത്സരങ്ങളിൽ മെഡൽ സാധ്യത ഉയർത്തുന്ന രീതിയിലേക്ക് ഉയർത്തി എടുക്കുക എന്നതാണ് എലൈറ്റ് അത്‌ലറ്റ്സ് ട്രെയിനിംഗ് സെന്റർ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ദേശീയ അന്തർദേശീയ മത്സരങ്ങളിൽ കഴിവ് തെളിയിച്ചിട്ടുള്ള 14 വയസ്സിനുമുകളിൽ പ്രായമുള്ള കായികതാരങ്ങളെയാണ് പ്രത്യേക തെരഞ്ഞെടുപ്പ് വഴി എലൈറ്റ് അത്‌ലറ്റ്സ് ട്രെയിനിംഗ് സ്കീമിൽ പ്രവേശനം അനുവദിക്കുന്നത്. 100,200,400 മീറ്റർ സ്പ്രിന്റ് ഇനങ്ങൾ, ജമ്പ് ഇനങ്ങൾ എന്നിവയിൽ ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും പരിശീലനം നൽകി വരുന്നു. ടി സ്കീമിന്റെ പ്രാരംഭ പ്രവർത്തനത്തിന്റെ ഭാഗമായി 11 കായിക താരങ്ങളെ തെരഞ്ഞെടുക്കുകയും, അവർക്ക് എൽ.എൻ.സി.പി.ഇ കാര്യവട്ടം പരിശീലന സെന്ററിൽ പരിശീലനം നൽകി വരികയും ചെയ്യുന്നു. താമസം, മികച്ച രീതിയിലുള്ള ഭക്ഷണം, പരിശീലനത്തിനാവശ്യമായ കായിക ഉപകരണങ്ങൾ, വിദേശപരിശീലകന്റെ സേവനം ഉൾപ്പെടെ ഏറ്റവും ആധുനികമായ അന്തർദേശീയ നിലവാരത്തിലുള്ള അനുബന്ധ സൗകര്യങ്ങളും ഈ പദ്ധതിയിൽ കായിക താരങ്ങൾക്ക് ലഭ്യമാകും.

അന്താരാഷ്ട്ര നിലവാരമുള്ള കായിക താരങ്ങൾക്ക് വിദേശ പരിശീലനത്തിനും മത്സരത്തിനും പങ്കെടുക്കുന്നതിനുള്ള അവസരവും ലഭിക്കുന്നതാണ്. കൂടുതൽ മികച്ച മത്സരങ്ങളിൽ പങ്കെടുക്കുന്നത് പ്രതിഭയുള്ള കായിക താരങ്ങളെ രാജ്യാന്തര നിലവാരത്തിലേയ്ക്ക് ഉയരുന്നതിന് സഹായിക്കും.

വിവിധ കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള യാത്ര ചെലവുകൾ സ്കീമിൽ നിന്നും ലഭ്യമാകുന്നു. ഇന്ത്യയിലെ ഏറ്റവും മികച്ച പരിശീലകരുടെ സേവനം ലഭിക്കുന്നു.

സെക്ഷൻ ഓഫീസർ